1. **പാചകവാതക കണക്ഷൻ ലഭിക്കാൻ:**

മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, ഫോൺബിൽ, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്) യുമായി അടുത്തുള്ള അംഗീകൃത ഗ്യാസ് ഏജൻസിയെ സമീപിക്കണം. വേറെ കണക്ഷൻ ഇല്ലെന്നു സത്യവാങ്മൂലം നൽകണം.

2. **എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാൻ:**

സ്കൂൾ സർട്ടിഫിക്കറ്റ് ആണ് അടിസ്ഥാന രേഖ. സ്കൂൾ വിദ്യാഭ്യാസമില്ലാത്തവർക്ക് ജാതകത്തിന്റ പകർപ്പും ഡോക്ടറുടെ സർട്ടിഫിക്കറ്റുമായി രജിസ്റ്റർ ചെയ്യാം. വിലാസം തെളിയിക്കുന്ന രേഖകളും വേണം. ഓരോ അധികയോഗ്യത നേടുമ്പോഴും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് കിട്ടിയാലുടൻ രജിസ്റ്റർ ചെയ്യാം. മൂന്നുവർഷം കൂടുമ്പോൾ രജിസ്ട്രേഷൻ പുതുക്കണം.

3. **ജനന, മരണ, വിവാഹ രജിസ്ട്രേഷൻ:**

ജനനവും മരണവും അതതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിർബന്ധമായും റിപ്പോർട്ട് ചെയ്യണം. ആശുപത്രിയിലാണ് ജനനമരണങ്ങളെങ്കിൽ ആശുപത്രി അധികൃതർ തന്നെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് റിപ്പോർട്ട് കൈമാറും. ബന്ധുക്കൾ പിന്നീട് നേരിട്ട് സർട്ടിഫിക്കറ്റ് സ്ഥാപനങ്ങളിൽ നിന്നു കൈപ്പറ്റണം. വീടുകളിൽ നടക്കുന്ന ജനന, മരണങ്ങൾ വീട്ടുകാർ നേരിട്ട് റിപ്പോർട്ട് ചെയ്യണം. രണ്ടും 21 ദിവസത്തിനകമാണ് റിപ്പോർട്ട് ചെയ്യേണ്ടത്. നഗരത്തിലെ ഏതാനും ആശുപത്രികൾ നഗരസഭയുമായി ബന്ധപ്പെട്ട് നേരിട്ട് സർട്ടിഫിക്കറ്റുകൾ നൽകാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹിന്ദു വിവാഹ നിയമപ്രകാരമുള്ള വിവാഹങ്ങൾ 15 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം.

4. **തൊഴിൽ രഹിതവേതനം**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർക്കു മാസം 120 രൂപ വീതം തൊഴിൽ രഹിതവേതനം ലഭിക്കുന്ന പദ്ധതി. എക്സ്ചേഞ്ചിൽ രജിസ്റ്റർചെയ്ത ശേഷം അതതു തദ്ദേശസ്ഥാപനങ്ങളിലാണ് വേതനത്തിന് അപേക്ഷ സമർപ്പിക്കേണ്ടത്. 21 മുതൽ 35 വരെ വയസ്സുള്ളവർക്കാണ് വേതനം ലഭിക്കുക. എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നടത്തി മൂന്നുവർഷം സീനിയോറിറ്റി വന്നാലേ 21-ാം വയസ്സിൽ തൊഴിൽ രഹിത വേതനം ലഭിക്കൂ. തദ്ദേശസ്ഥാപനങ്ങൾ അപേക്ഷകരുടെ വിവരം എക്സ്ചേഞ്ചിലേക്ക് നൽകും. അയോഗ്യതയുണ്ടെങ്കിൽ എക്സ്ചേഞ്ചിൽ നൽകുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ വേതനം നിഷേധിക്കാം.

5. **കെട്ടിട നിർമ്മാണ അനുമതി:**

കെട്ടിട നിർമ്മാണത്തിന് വിവിധ രേഖകൾ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സമർപ്പിക്കണം. ഭൂമിയുടെ ഉടമസ്ഥാവകാശരേഖ, കെട്ടിടത്തിന്റെ നിർമ്മാണ രൂപരേഖയുടെ മൂന്നു പകർപ്പുകൾ എന്നിവയാണ് അടിസ്ഥാനരേഖകൾ. തദ്ദേശഭരണസ്ഥാപനത്തിൽ നിന്നു ലഭിക്കുന്ന ഫോമിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ബിൽഡിംഗ് ഇൻസ്പെക്ടർ അല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറി സ്ഥലം പരിശോധിച്ച് അനുമതി നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാമെന്ന് മറുപടി നൽകണം.

ഒരു മാസത്തിനകം പരിശോധന നടത്തി മറുപടി ലഭിച്ചില്ലെങ്കിൽ അപേക്ഷകന് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയോട് രേഖാമൂലം പരാതിപ്പെടാം. ഇങ്ങനെ പരാതി ലഭിച്ചാൽ തദ്ദേശസ്ഥാപന കൗൺസിലിൽ ഉദ്യോഗസ്ഥനെ വിളിച്ചു വിശദീകരണം ആവശ്യപ്പെടാം.

## 6. ക്രൈം സ്റ്റോപ്പർ 1090

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും ശ്രദ്ധയിൽപെട്ടാൽ പോലീസിനെ അറിയിക്കുവാനുള്ള പ്രത്യേക നമ്പരാണ് **1090.** ഈ നമ്പറിലേക്കുള്ള വിളികൾ സൗജന്യമാണ്. വിളിക്കുന്നവരുടെ വിവരങ്ങൾ തികച്ചും രഹസ്യമായി സൂക്ഷിക്കുമെന്നാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.

## 7. റെയിൽ അലർട്ട്

ട്രെയിനിൽ കുറ്റകൃത്യങ്ങളോ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളോ നടന്നാൽ യാത്രക്കാർക്ക് ട്രെയിനിൽനിന്നു തന്നെ പോലീസിനെ അറിയിക്കുവാനുള്ള ഹെൽപ്പ് ലൈൻ നമ്പറാണ് 9846200100. കുറ്റവാളി രക്ഷപ്പെടാതിരിക്കാൻ എല്ലാ മുൻകരുതലുകളും എടുക്കുന്നതാണ് റെയിൽ അലർട്ട് സംവിധാനത്തിന്റെ മെച്ചം.

## 8. ട്രെയിനിൽ പെട്ടെന്നുള്ള യാത്രയ്ക്കു – തത്കാൽ.

പെട്ടെന്ന് തീരുമാനിച്ച് യാത്ര ചെയ്യേണ്ടിവരുന്നവർക്കായി റെയിൽവെ ആവിഷ്ക്കരിച്ച റിസർവേഷൻ സംവിധാനമാണ് തത്കാൽ. യാത്രയ്ക്ക് മുന്ന് ദിവസം മുൻപ് റിസർവേഷൻ നടത്താം.

ഒട്ടേറെ നിബന്ധനകൾ ഈ സംവിധാനത്തിലുണ്ട്. യാത്ര പുറപ്പെടുന്ന സ്റ്റേഷൻ മുതൽ എത്തിച്ചേരുന്ന സ്റ്റേഷൻ വരെയുള്ള ടിക്കറ്റുനിരക്കുനൽകണം. തിരക്കേറിയ സീസണിൽ എ.സി. ടിക്കറ്റിന് 300 രൂപയും സ്ലീപ്പർ ടിക്കറ്റിന് 150 രൂപയും അധികം നൽകണം. തിരക്കുകുറഞ്ഞ സീസണിൽ ഇതു യഥാക്രമം 200, 75 വീതമാണ്. തത്കാൽ ടിക്കറ്റ് റദ്ദാക്കാനും കഴിയില്ല. നേരത്തേ യാത്രക്കാരൻ തിരിച്ചറിയിൽ രേഖ ഹാജർ ആക്കണമായിരുന്നെങ്കിലും ഈ നിബന്ധന ഇപ്പോൾ നിലവിലില്ല.

## 9. വാർദ്ധക്യകാലപെൻഷൻ:

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 65 വയസ്സിനുമുകളിൻ പ്രായമുള്ളവർക്കുള്ള ക്ഷേമ പദ്ധതി. ഒരേ സ്ഥലത്ത് 3 വർഷമായി താമസിക്കുന്നവരും, കുടുംബവാർഷിക വരുമാനം 11,000 രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. അഗതികളായ ഭർത്താവിനും ഭാര്യക്കും ലഭിക്കും. 20 വയസ്സിനു മുകളിലുള്ള ആൺമക്കളുണ്ടെങ്കിൽ മാതാപിതാക്കൾക്ക് പെൻഷൻ ലഭിക്കില്ല.

## 10. വിധവ പെൻഷൻ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്കുള്ള ക്ഷേമ പദ്ധതി. 110 രൂപയാണ് പ്രതിമാസ പെൻഷൻ. ഭർത്താവ് മരിച്ച സ്ത്രീ ഏഴുവർഷമായി ഭർത്താവിനെക്കുറിച്ച് വിവരമില്ലാത്ത സ്ത്രീ എന്നിവർക്കും അർഹതയുണ്ട്. കുടുംബവാർഷികവരുമാനം 3,600 രൂപയ്ക്കു താഴെയാവണം, 20 വയസ്സിന് മുകളിലുള്ള ബന്ധുക്കൾ (അച്ഛൻ, അമ്മ, മകൻ) പാടില്ല. പ്രായപൂർത്തിയായ മകനുണ്ടെങ്കിലും, മകന് 20 വയസ്സ് ആവും വരെ അമ്മയ്ക്കു പെൻഷൻ ലഭിക്കാം.

## 11. വികലാംഗപെൻഷൻ:

മൂകർ, അന്ധർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, 40% അംഗവൈകല്യമുള്ളവർ എന്നിവർക്കാണ് അർഹത. വാർഷിക വരുമാനം 6,000 രൂപയിൽ കവിയരുത്. 20 വയസ്സിനു മുകളിലുള്ള ബന്ധുക്കൾ (അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ) പാടില്ല. ബന്ധുക്കളുണ്ടെങ്കിൽ വാർഷിക വരുമാനം 6,000 രൂപയിൽ കവിയരുത്. 110 രൂപയാണ് പ്രതിമാസ പെൻഷൻ.

## 12. പുതിയ റേഷൻകാർഡ് എടുക്കാൻ

സിറ്റി റേഷനിംഗ് ഓഫീസിലോ, താലൂക്ക് റേഷനിംഗ് ഓഫീസിലോ നിശ്ചിതഫോമിൽ അപേക്ഷ നൽകണം. അപേക്ഷ സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ മുഖേന അന്വേഷിച്ച് റേഷൻ കാർഡ് നൽകും. നിലവിൽ ഏതെങ്കിലും കാർഡിൽ പേരുള്ളവരാണെങ്കിൽ ആ കാർഡിൽ നിന്ന് പേരു കുറവു ചെയ്ത് താലൂക്ക് സപ്ലൈ ഓഫീസറിൽ നിന്ന് റസിഡന്റ് സർട്ടിഫിക്കറ്റ് വാങ്ങണം. തുടർന്ന് പുതിയ സ്ഥലത്തെ താമസ സർട്ടിഫിക്കറ്റ് ഉൾപ്പെടെ അവിടത്തെ താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകണം. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്ക് റേഷൻ കാർഡ് മാറ്റാൻ കാർഡ് സറണ്ടർ ചെയ്ത ശേഷം ആ സർട്ടിഫിക്കറ്റോടെ പുതിയ സ്ഥലത്ത് അപേഷ നൽകണം

റേഷൻ കാർഡ് കളഞ്ഞു പോയാൽ ആ വിവരം രേഖാമൂലം താലുക്ക് സപ്ലൈ ഓഫീസറെ അറിയിക്കണം. തുടർന്ന് അദ്ദേഹം ഇതിന്റെ നിജസ്ഥിതി അന്വേഷിക്കും. കാർഡ് കളഞ്ഞു പോയതായി ബോധ്യപ്പെട്ടാൽ പുതിയത് നല്കും.

## 13. വാട്ടർ കണക്ഷൻ ലഭിക്കാൻ.

ജലഅതോറിറ്റിയുടെ സബ് ഡിവിഷൻ ഓഫീസിൽ നിന്ന് 15 രൂപയക്കു ലഭിക്കുന്ന നിശ്ചിത ഫോമിൽ ലൈസൻസ്ഡ് പ്ലംബർ മുഖേന രേഖകൾ സഹിതമാണ് വാട്ടർ കണക്ഷൻ ലഭിക്കാൻ അപേക്ഷ നൽകേണ്ടത്. കണക്ഷൻ ലഭിക്കേണ്ട വീടോ, സ്ഥാപനമോ നിൽക്കുന്ന ജലഅതോറിറ്റി സെക്ഷൻ ഓഫീസ് ഉൾപ്പെടുന്ന സബ്ഡിവിഷൻ ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്കാണ് അപേക്ഷ നൽകേണ്ടത്. 50 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയ കരാർ, തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നു ലഭിക്കുന്ന കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ വിവിധ രേഖകളും ഒപ്പം നൽകണം.

അപേക്ഷ ലഭിച്ചാൽ വാട്ടർ വർക്ക്സ് ഇൻസ്പെക്ടർ സ്ഥലത്തുപോയി സാദ്ധ്യതാപഠനം നടത്തി അസിസ്റ്റന്റ് എൻജീനിയർക്കു റിപ്പോർട്ടു നൽകും. തുടർന്ന് അടയ്ക്കേണ്ട തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ സബ് ഡിവിഷൻ ഓഫീസിലേക്ക് ശുപാർശ നൽകും. ഇവിടെ തുക അംഗീകരിച്ചാൽ അപേക്ഷകന് അടയ്ക്കാം. തുടർന്ന് വർക്ക് ഓർഡർ നൽകും.

## 14. വൈദ്യുതി കണക്ഷൻ ലഭിക്കാൻ:

കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ നിന്ന് 25 രൂപയ്ക്ക് അപേക്ഷാ ബുക്ക്ലറ്റ് വാങ്ങണം. വിവിധ രേഖകൾ ഉൾപ്പെടുത്തി 50 രൂപ ഫീസടച്ച് അപേക്ഷ നൽകണം. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നു ലഭിക്കുന്ന കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വസ്തു കരം അടച്ചതായി വില്ലേജ് ഓഫീസിൽ നിന്നുള്ള രസീത്, വൈദ്യുതി ബോർഡുമായി ഉള്ള കരാർ 50 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയത്, ലൈസൻസ്സുള്ള ഇലക്ട്രീഷ്യൻ സാക്ഷ്യപ്പെടുത്തിയ വയറിംഗ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയാണ് അപേക്ഷയ്ക്കൊപ്പം നൽകേണ്ട രേഖകൾ.

## കാർഷികരംഗം

പച്ചക്കറികൃഷിക്ക് ആവശ്യമായ ജൈവവള കീടനാശിനി പ്രയോഗം

പച്ചക്കറി കൃഷിയിൽ കീടനാശിനികളുടെ അമിത പ്രയോഗം മൂലം പ്രതിരോധശക്തി നേടുന്നുവെന്നുമാത്രമല്ല, ഈ കീടനാശിനികൾ പല പരിസ്ഥതി പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും വരുത്തി വെയ്ക്കാറുണ്ട്. ഇതേ സമയം അപായരഹിതമായ പല ജൈവ കീടനാശിനികളും ഫലപ്രദമായി ഉപയോഗിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്. കുറഞ്ഞ ചെലവിൽ കർഷകർക്കു തന്നെ ഇവ തയ്യാറാക്കാം

### 1. പുകയില കഷായം

പുകയില - 500 ഗ്രാം, വെള്ളം - 4.5 ലിറ്റർ,
ബാർസോപ്പ് - 120 ഗ്രാം

പുകയില ചെറു കഷണങ്ങളാക്കി അരിഞ്ഞ് 4.5 ലിറ്റർ വെള്ളത്തിൽ ഒരു ദിവസം കുതിർത്ത ശേഷം പിഴിഞ്ഞ് സത്ത് എടുക്കുക. ബാർ സോപ്പ് ചീളുകളായി അരിഞ്ഞ് അലിയാൻ ആവശ്യമുള്ളത്ര മാത്രം വെള്ളത്തിൽ നന്നായി ലയിപ്പിച്ചെടുത്തശേഷം സോപ്പുലായനി പുകയില ലായനിയിൽ നന്നായി ഇളക്കിചേർക്കുക. ഇങ്ങനെ തയ്യാറാക്കിയ പുകയില കഷായം 6-7 ഇരട്ടി വെള്ളം ചേർത്തു നേർപ്പിച്ചാണു തളിക്കേണ്ടത്. മുഞ്ഞ, ശൽക്കകീടങ്ങൾ, ചെടിപ്പേൻ തുടങ്ങിയ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളെ ഇതുപയോഗിച്ച് നിയന്ത്രിക്കാം.

## 2. വേപ്പിൻകുരു ലായനി

വേപ്പിൻ കുരു – ഒരു ഗ്രാം, വെള്ളം ഒരു ലിറ്റർ. വേപ്പിൻകുരു പൊടിച്ച് തുണിയിൽ കെട്ടി ഒരു ലിറ്റർ വെള്ളത്തിൽ മുക്കി വെയ്ക്കുക. പൊടി വെള്ളത്തിൽ പൂർണ്ണമായി ലയിക്കുന്നതിനായി കിഴി വെള്ളത്തിൽ ഞെക്കിപ്പിഴിഞ്ഞ് കൊടുക്കണം. 0.1% വീര്യമുള്ള ഈ ലായനി നേരിട്ട് ചെടികളിൽ തളിക്കാം. ഇല കാർന്നു തിന്നുന്ന പുഴുക്കൾ, പച്ചത്തുള്ളൻ എന്നീ കീടങ്ങൾക്ക് എതിരെ ഇത് ഫലപ്രദമാണ്.

## 3. മണ്ണെണ്ണക്കുഴമ്പ്

ബാർ സോപ്പ്- 500 ഗ്രാം, വെള്ളം-4.5 ലിറ്റർ, മണ്ണെണ്ണ- 9 ലിറ്റർ

ബാർ സോപ്പ് ചെറിയ ചീളുകളായി അരിഞ്ഞ് വെള്ളത്തിൽ തിളപ്പിച്ചെടുക്കണം. ഈ ലായനി തണുപ്പിച്ച ശേഷം മണ്ണെണ്ണ കുറേശ്ശെ ഒഴിച്ച് കുഴമ്പ് പരുവമാകുന്നതുവരെ ഇളക്കുക. ഈ കുഴമ്പ് 15 -20 മടങ്ങ് വെള്ളം ചേർത്തു വേണം ഉപയോഗിക്കാൻ. നീരൂറ്റിക്കുടിക്കുന്ന കീടങ്ങളെ നശിപ്പിക്കുവാൻ ഇത് ഫലപ്രദം

## .4 വേപ്പെണ്ണ എമൾഷൻ

ബാർ സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനിയിലേക്ക് ഒരു ലിറ്റർ വേപ്പെണ്ണ ചേർത്ത് നന്നായി ഇളക്കി കുഴമ്പു പരുവത്തിലാക്കുക.

ഇത് 40 ഇരട്ടി വെള്ളം ചേർത്തു നേർപ്പിച്ച് ഓരോ ലിറ്റർ ലായനിക്കും 20ഗ്രാം എന്ന തോതിൽ വെളുത്തുള്ളി നന്നായി അരച്ചു ചേർക്കുക. ഈ ലായനി നന്നായി അരിച്ചെടുത്ത് ഉപയോഗിക്കാം. റോക്കറ്റ് പുഴു അഥവാ ചിത്രകീടത്തിന് ഫലപ്രഗദമായ മരുന്നാണ്.

## 5. നാറ്റ പൂച്ചെടി സത്ത്

നാറ്റ പൂച്ചെടി സത്ത് - ഒരു ലിറ്റർ, ബാർ സോപ്പ്-60 ഗ്രാം

പറമ്പുകളിൽ കാണുന്ന നാറ്റപൂച്ചെടി, ശവക്കോട്ടപ്പച്ച, ചടയൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന ചെടിയുടെ ഇളം തണ്ടും ഇലയും വെള്ളം തളിച്ച് നീര് എടുക്കുക. ഒരു ലിറ്റർ നീരിന് 60 ഗ്രാം എന്ന തോതിൽ ബാർസോപ്പ് ചേർത്ത് ലായനിയുണ്ടാക്കുക. ഇത് പത്തിരട്ടി വെള്ളത്തിൽ നേർപ്പിച്ച് ഉപയോഗിക്കാം. പയറിലെ മുഞ്ഞ മുതലായ മൃദുകീടങ്ങളെ ഈ ലായനി ഉപയോഗിച്ച് നശിപ്പിക്കാം.

മേൽപറഞ്ഞ കീടനാശിനികളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് അവ തുടർച്ചയായി കൃഷിയിടങ്ങളിൽ പ്രയോഗിക്കണം. അതോടൊപ്പം ഇതര സംയോജിത സസ്യസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം.